**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3904** **06-08-2021 - ൽ മറുപടിയ്ക്ക്**

**കുന്നിമേൽ കോളനി കുടിവെള്ളപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ കുന്നിമേൽ കോളനി കുടിവെള്ളപദ്ധതി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തഴക്കര പഞ്ചായത്തിലെ കുന്നിന്മേൽ കോളനി വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമാണ്. ആയതിനാൽ കുന്നിന്മേൽ കോളനിക്ക് മാത്രമായി ഒരു കുടിവെള്ള പദ്ധതി വേണമെന്ന 26.09.2017 തീയതിയിലെ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. അച്ചൻ കോവിൽ ആറിന് സമീപം നാലു മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൗസ്, ഇൻസ്പെക്ഷൻ ചേംബർ, 1050 മീറ്റർ നീളമുള്ള 200 എം. എം. ഡി. ഐ. കെ – 9 പമ്പിംഗ് മെയിൻ, ഉപരിതല ജല സംഭരണിയുടെ നിർമ്മാണം, പമ്പ് സെറ്റ് സ്ഥാപിക്കൽ, പമ്പ് ഹൗസ് വൈദ്യുതീകരണം, വിതരണ ശൃംഖല സ്ഥാപിക്കൽ, പി. ഡബ്ളിയു. ഡി. റോഡ് റീസ്റ്റോറേഷൻ ചാർജ്, കൺസൾട്ടൻസി ചാർജ്, സോയിൽ ഇൻവെസ്റ്റിഗേഷൻ ചാർജ് എന്നിവയാണ് വിഭാവനം ചെയ്ത മേല്പടി പദ്ധതിയുടെ ഘടകങ്ങൾ. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കാലതാമസം ഉണ്ടാകാതിരിക്കുവാൻ പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലം കേരള ജല അതോറിറ്റിക്ക് കൈമാറുന്നതിനു മുൻപേ അടങ്കൽ തയ്യാറാക്കുന്നതിന് മണ്ണു പരിശോധന നടത്തുകയും ഡിസൈൻ ഔട്ട്സോഴ്സ് ചെയ്യുകയും ചെയ്തു. ജല ശുദ്ധീകരണത്തിനു വേണ്ടി ഒരു പുതിയ പ്രഷർ ഫിൽറ്റർ കൂടി സ്ഥാപിക്കുകയാണെങ്കിൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് പുതിയ ഡി. എസ്. ആർ. പ്രകാരം രണ്ടു കോടിയോളം രൂപ ആവശ്യമായി വരും. തഴക്കര ഗ്രാമ പഞ്ചായത്ത് വിവിധ ശുദ്ധജല പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി താഴെപ്പറയുന്ന തുകകൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 1. വലിയ വീട്ടിൽ |

| | | | |
|---|---|---|---|
| | | | തെക്കതിൽ ഭാഗം-23.03.2011-ൽ 11,70,000 രൂപ. 2. പാറക്കൽ കരിപ്പനക്കാവ് കോളനി- 23.03.2011-ൽ 13,44,000 രൂപ. 3. ചെറാമല കോളനി-23.03.20211-ൽ 11,75,000 രൂപ. 4. സുവർണ്ണധാര പദ്ധതി - 20,00,000 രൂപ. 5. കുന്നിന്മേൽ കുടിവെള്ള പദ്ധതി - 10.2017-ൽ 10,10,500 രൂപ. 6. കുന്നിന്മേൽ കുടിവെള്ള പദ്ധതി - 03.2018-ൽ 33,00,00 രൂപ. തഴക്കര പഞ്ചായത്ത് ആറു പ്രാവശ്യമായി ഇപ്രകാരം കുന്നിന്മേൽ കുടിവെള്ള പദ്ധതി ഉൾപ്പടെ പല പദ്ധതികൾക്കായി അടച്ച 99,99,500 രൂപ പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ജല അതോറിറ്റി മേൽപ്പടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ബാക്കി തുകയായ ഒരു കോടി രൂപ കൂടി പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് അടക്കേണ്ടതായി വരും. എന്നാൽ നിലവിൽ കുന്നിന്മേൽ കുടിവെള്ള പദ്ധതി പ്രദേശം ഉൾപ്പെടുന്ന തഴക്കര പഞ്ചായത്ത്, ചെട്ടിക്കുളങ്ങര പഞ്ചായത്ത്, മാവേലിക്കര മുനിസിപ്പാലിറ്റി, എന്നിവക്കു വേണ്ടി 35 എം. എൽ. ഡി. ജലശുദ്ധീകരണ ശാലയോടു കൂടിയ ഒരു സമഗ്ര കുടിവെള്ള പദ്ധതി ജല-ജീവൻ മിഷനിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.ഈ സാഹചര്യത്തിൻ കുന്നിന്മേൽ കോളനി പ്രദേശത്ത് രണ്ടു കുടിവെള്ള പദ്ധതികളുടെ പദ്ധതി നിർദ്ദേശം നിലനിൽക്കുന്നതിനാൽ ജല ശുദ്ധീകരണശാല ഇല്ലാത്ത ചെറുകിട പദ്ധതിയായ കുന്നിന്മേൽ കുടിവെള്ള പദ്ധതി തുടരണമോ എന്ന് അറിയിക്കുന്നതിന് കേരള ജല അതോറിറ്റി 30.07.2021-ൽ തഴക്കര ഗ്രാമ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുന്നിന്മേൽ കോളനിക്ക് മാത്രമായുള്ള പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | തഴക്കര പഞ്ചായത്തിലെ കുന്നിന്മേൽ കോളനി വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമാണ്. ആയതിനാൽ കുന്നിന്മേൽ കോളനിക്ക് മാത്രമായി ഒരു കുടിവെള്ള പദ്ധതി വേണമെന്ന 26.09.2017 തീയതിയിലെ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ മാവേലിക്കര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. അച്ചൻ കോവിൽ ആറിന് സമീപം നാലു മീറ്റർ വ്യാസമുള്ള കിണർ, പമ്പ് ഹൗസ്, ഇൻസ്പെക്ഷൻ ചേംബർ, 1050 മീറ്റർ നീളമുള്ള 200 എം. എം. ഡി. ഐ. കെ – 9 പമ്പിംഗ് മെയിൻ, ഉപരിതല ജല സംഭരണിയുടെ നിർമ്മാണം, |

പമ്പ് സെറ്റ് സ്ഥാപിക്കൽ, പമ്പ് ഹൗസ് വൈദ്യുതീകരണം, വിതരണ ശൃംഖല സ്ഥാപിക്കൽ, പി. ഡബ്ളിയു. ഡി. റോഡ് റീസ്റ്റോറേഷൻ ചാർജ്, കൺസൾട്ടൻസി ചാർജ്, സോയിൽ ഇൻവെസ്റ്റിഗേഷൻ ചാർജ് എന്നിവയാണ് വിഭാവനം ചെയ്ത മേല്പടി പദ്ധതിയുടെ ഘടകങ്ങൾ. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ കാലതാമസം ഉണ്ടാകാതിരിക്കുവാൻ പഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലം കേരള ജല അതോറിറ്റിക്ക് കൈമാറുന്നതിനു മുൻപേ അടങ്കൽ തയ്യാറാക്കുന്നതിന് മണ്ണു പരിശോധന നടത്തുകയും ഡിസൈൻ ഔട്ട്സോഴ്സ് ചെയ്യുകയും ചെയ്തു. ജല ശുദ്ധീകരണത്തിനു വേണ്ടി ഒരു പുതിയ പ്രഷർ ഫിൽറ്റർ കൂടി സ്ഥാപിക്കുകയാണെങ്കിൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിന് പുതിയ ഡി. എസ്. ആർ. പ്രകാരം രണ്ടു കോടിയോളം രൂപ ആവശ്യമായി വരും. തഴക്കര ഗ്രാമ പഞ്ചായത്ത് വിവിധ ശുദ്ധജല പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി താഴെപ്പറയുന്ന തുകകൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. 1. വലിയ വീട്ടിൽ തെക്കതിൽ ഭാഗം-23.03.2011-ൽ 11,70,000 രൂപ. 2. പാറക്കൽ കരിപ്പനക്കാവ് കോളനി- 23.03.2011-ൽ 13,44,000 രൂപ. 3. ചെറാമല കോളനി-23.03.20211-ൽ 11,75,000 രൂപ. 4. സുവർണ്ണധാര പദ്ധതി - 20,00,000 രൂപ. 5. കുന്നിന്മേൽ കുടിവെള്ള പദ്ധതി - 10.2017-ൽ 10,10,500 രൂപ. 6. കുന്നിന്മേൽ കുടിവെള്ള പദ്ധതി - 03.2018-ൽ 33,00,00 രൂപ. തഴക്കര പഞ്ചായത്ത് ആറു പ്രാവശ്യമായി ഇപ്രകാരം കുന്നിന്മേൽ കുടിവെള്ള പദ്ധതി ഉൾപ്പടെ പല പദ്ധതികൾക്കായി അടച്ച 99,99,500 രൂപ പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം ജല അതോറിറ്റി മേൽപ്പടി പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ബാക്കി തുകയായ ഒരു കോടി രൂപ കൂടി പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് അടക്കേണ്ടതായി വരും. എന്നാൽ നിലവിൽ കുന്നിന്മേൽ കുടിവെള്ള പദ്ധതി പ്രദേശം ഉൾപ്പെടുന്ന തഴക്കര പഞ്ചായത്ത്, ചെട്ടിക്കുളങ്ങര പഞ്ചായത്ത്, മാവേലിക്കര മുനിസിപ്പാലിറ്റി, എന്നിവക്കു വേണ്ടി 35 എം. എൽ. ഡി. ജലശുദ്ധീകരണ ശാലയോടു കൂടിയ ഒരു സമഗ്ര കുടിവെള്ള പദ്ധതി ജല-ജീവൻ മിഷനിൽ ഉൾപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.ഈ സാഹചര്യത്തിൻ കുന്നിന്മേൽ കോളനി പ്രദേശത്ത് രണ്ടു കുടിവെള്ള പദ്ധതികളുടെ പദ്ധതി നിർദ്ദേശം നിലനിൽക്കുന്നതിനാൽ ജല ശുദ്ധീകരണശാല ഇല്ലാത്ത ചെറുകിട പദ്ധതിയായ കുന്നിന്മേൽ കുടിവെള്ള പദ്ധതി തുടരണമോ എന്ന്

| | | | |
|---|---|---|---|
| | | | അറിയിക്കുന്നതിന് കേരള ജല അതോറിറ്റി 30.07.2021-ൽ തഴക്കര ഗ്രാമ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കുന്നിന്മേൽ കോളനിക്ക് മാത്രമായുള്ള പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ